# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 6327** | **08.07.2014 -ലെ മറുപടിക്ക്**

## ബ്ലേഡ് മാഫിയയുടെ പീഡനം സംബന്ധിച്ച പരാതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. കെ.കെ. നാരായണൻ** | | **ശ്രീ. രമേശ് ചെന്നിത്തല** (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | 25.10.2013ന്റെ മാതൃഭൂമി കണ്ണൂർ എഡിഷനിൽ നാട്ടുവർത്തമാനം പേജിൽ വന്ന "പണം ആവശ്യപ്പെട്ട് യുവാവിനെ തീക്കുനയ്ക്ക് നടുവിൽ നിർത്തി" എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വാർത്തയിൽ പറയുന്ന മനേഷിന്റെ ഭാര്യയുടെയും അമ്മയുടെയും പരാതി കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിന് ലഭിച്ചിട്ടുണ്ടോ; | (ബി) | മനേഷ് എന്നയാളുടെ ഭാര്യയുടെ പരാതി ലഭിച്ചിട്ടില്ല. എന്നാൽ മഹേഷ് എന്നയാളുടെ ഭാര്യ കണ്ണൂർ ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ജില്ലാ പോലീസ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പരാതി കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ അയച്ചുകൊടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നം. 1511/2013 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | ബ്ലേഡ് മാഫിയയ്ക്ക് വേണ്ടി ക്വട്ടേഷൻ സംഘം നടത്തിയ ഈ പീഡനത്തിൽ പോലീസ് മനേഷിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | മഹേഷ് എന്നയാളിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ഉണ്ടെങ്കിൽ മൊഴിയുടെ കോപ്പി ലഭ്യമാക്കാമോ; | (ഇ) | മൊഴിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (എഫ്) | പ്രസ്തുത സംഭവത്തിൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എഫ്) | ഉണ്ട്. കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നം. 1511/2013 പ്രകാരം. |
| (ജി) | ഉണ്ടെങ്കിൽ പ്രസ്തുത കേസ്സിൽ ആരെല്ലാമാണ് പ്രതികളെന്ന് വ്യക്തമാക്കാമോ; | (ജി) | 1. ശ്യാം സുന്ദർ, 2. രജിൽ, 3. ജോസഫ്, 4. നിഷ, 5. ജിംനേഷ്, 6. റിജിൽ, 7. പ്രേംജിത്ത്, 8. വരുൺ, 9. ഷിജിൻ, 10. തിരിച്ചറിയാത്ത ഒരാൾ. |
| (എച്ച്) | പ്രസ്തുത കേസ്സിന്റെ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എച്ച്) | കണ്ണൂർ ടൗൺ പോലീസ് സർക്കിൾ ഇൻസ്പെക്ടറും, വളപട്ടണം പോലീസ് സർക്കിൾ ഇൻസ്പെക്ടറും ഈ കേസ് അന്വേഷിച്ചിട്ടുണ്ട്. |
| (ഐ) | കേസ്സന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ഐ) | ടി കേസിലെ 1 മുതൽ 6 വരെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒമ്പതാം പ്രതി മരണപ്പെട്ട് പോയിട്ടുള്ളതുമാകുന്നു. 7, 8 പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. പത്താം പ്രതിയെ തിരിച്ചറിയുവാൻ ബാക്കിയുണ്ട്. കേസ് അന്വേഷണാവസ്ഥയിൽ ആയതിനാൽ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്